# ജനാഭിപ്രായം ഉല്പാദിപ്പിക്കപ്പെടുമ്പോൾ

എം. എൻ. കാരശ്ശേരി



ജനാഭിപ്രായം ഉല്പാദിപ്പിക്കപ്പെടുമ്പോൾ

എം. എൻ. കാരശ്ശേരി

(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Portrait of Jan Zrzavý, a painting by Bohumil Kubišta (1884–1918). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ജനാഭിപ്രായം ഉല്പാദിപ്പിക്കപ്പെടുമ്പോൾ

ജനാധിപത്യത്തിനു മറ്റേതു ഭരണവ്യവസ്ഥിതിക്കുമെന്നപോലെ; അതിന്റേതായ പരിമിതികളും ദൂഷ്യങ്ങളുമുണ്ട്. പക്ഷേ, എല്ലാ കൊള്ളരുതായ്മകളും ഇരിക്കെത്തന്നെ നാം അതിനെ സ്വാഗതം ചെയ്തുപോകുന്നത് അഭിപ്രായസ്വാതന്ത്ര്യം എന്ന പരമപ്രധാനമായ മൂല്യത്തെ അതുയർത്തിപ്പിടിക്കുന്നു എന്നതുകൊണ്ടാണ്.

പക്ഷേ, വന്നുവന്ന് നമ്മുടെ ജനാധിപത്യവ്യവസ്ഥ അതിന്റെ 'ജനാധിപത്യസ്വഭാവം' കൊണ്ടുതന്നെ ജനാധിപത്യവിരുദ്ധമായിത്തീർന്നുകൊണ്ടിരിക്കുകയാണ്: ജനാധിപത്യത്തിന്റെ പേരിൽ, ഭൂരിപക്ഷത്തിന്റെ പേരിൽ, അഭിപ്രായസ്വാതന്ത്ര്യം അടിച്ചമർത്തുന്ന അതിവിചിത്രമായ ഒരു സർക്കസ് ഇന്നു അരങ്ങിൽ വാഴ്ചകൊള്ളുന്നു.

നമ്മുടെ ജനാധിപത്യം ഇന്ന് നേരിടുന്ന ഏറ്റവും കടുത്ത വെല്ലുവിളി മത-ജാതി വികാരത്തിന്റേതാണ്. മതവർഗ്ഗീയതയ്ക്കും ജാതിക്കോയ്മയ്ക്കും വിരുദ്ധമായി സംസാരിക്കുക എന്നതാണ് സമകാലികരാഷ്ട്രീയ കാലാവസ്ഥ ഇന്നാവശ്യപ്പെടുന്ന അടിയന്തര കർത്തവ്യം. കഷ്ടം ഇന്ന് എന്തിനെതിരെയും നിങ്ങൾക്ക് സംസാരിക്കാം; പക്ഷേ, മതസമുദായങ്ങളെയും ജാതിസംഘടനകളെയും കൊണ്ടുനടക്കുന്നവർക്ക് അപ്രിയമായി യാതൊന്നും പറഞ്ഞുപോകരുത്!

പുരോഹിതന്മാരെ പ്രീണിപ്പിക്കുക എന്നതാണ് ഇന്നത്തെ മിക്ക രാഷ്ട്രീയകക്ഷികളുടെയും നയം. അതു തന്നെയാണ് മാധ്യമങ്ങളുടെയും നില. പുരോഹിതന്മാർക്ക് 'വിമർശനാതീതമായ ഏതോ വിശുദ്ധതലം' ഏതാണ്ട് എല്ലാവരും അംഗീകരിച്ചുകൊടുത്തിരിക്കുന്നു! അവരാകട്ടെ, മുൻകാലങ്ങളിൽ നിന്ന് വിഭിന്നമായി, ആദ്ധ്യാത്മികതയുടെ പുറംപൂച്ചിൽ ഭൗതികവും രാഷ്ട്രീയവുമായി കാര്യങ്ങളിൽ ഇടപെടുകയും സ്വാർത്ഥലാഭത്തിനുവേണ്ടി സമൂഹത്തെ പിന്നോട്ടു പിടിച്ചുവലിക്കുന്ന തരത്തിൽ നിലപാടുകൾ എടുക്കുകയും ചെയ്യുന്നു— രാഷ്ട്രീയക്കാർ രാഷ്ട്രീയത്തെ മതവത്കരിക്കുകയും മതക്കാർ മതത്തെ രാഷ്ട്രീയവത്ക്കരിക്കുകയും ചെയ്യുന്ന പരസ്പരപൂരകമായ ജീർണതയാണ് നമുക്ക് ചുറ്റും കാണാനുള്ളത്.

ഇതിനെതിരെ എഴുതുകയോ പ്രസംഗിക്കുകയോ, വർത്തമാനം പറയുകയോ ചെയ്യുന്ന ആൾ 'പ്രകോപന'മുണ്ടാക്കുകയാണ് എന്ന തീർപ്പിൽ എല്ലാവരും എളുപ്പം എത്തിപ്പെടുന്നു. ആ എതിർപ്പിന് ഭൂരിപക്ഷത്തിന്റെ പിന്തുണയുണ്ടാവുമ്പോൾ ജനാധിപത്യത്തിന്റെ കണക്കിൽ അത് 'ശരി'യാവുന്നു. അതുകൊണ്ടു തന്നെ അത്തരക്കാരനെതിരിൽ ഉയരുന്ന ബഹിഷ്കരണഭീഷണികളും അക്രമങ്ങളും ന്യായീകരിക്കപ്പെടുന്നു.

അപ്പോൾ, ഈ അഭിപ്രായമുള്ള രണ്ടാമന്റെയും മൂന്നാമന്റെയും വായയ്ക്കു സ്വാഭാവികമായും ആമപ്പൂട്ട് വീഴുന്നു; എതിരഭിപ്രായങ്ങൾ മൗനത്തിൽ മുങ്ങിച്ചാവുകയാണ്.

രാജഭരണത്തിലും പട്ടാളഭരണത്തിലുമെല്ലാം എതിരഭിപ്രായങ്ങളെ വീർപ്പുമുട്ടിച്ചുകൊല്ലുന്നത് സ്വാഭാവികം. അവർക്കതിനു ജയിലും ആയുധങ്ങളും ഉപകരണങ്ങളും പട്ടാളവുമൊക്കെ വേണം. അത്രയൊന്നും മിനക്കേടും പണച്ചെലവും ഇല്ലാതെ 'ജനാധിപത്യ'ത്തിന് അത് സാധിക്കും എന്നാണ് നമ്മുടെ സമൂഹം തെളിയിച്ചുകൊണ്ടിരിക്കുന്നത്.

ചില ഉദാഹരണങ്ങൾ പറയാം: കേരളത്തിലെ സാമൂഹ്യനവോത്ഥാനപ്രസ്ഥാനങ്ങളിലൂടെ ഇവിടത്തെ ഭിന്ന സമൂഹങ്ങൾ കൈവരിച്ച ചിന്താപരമായ പുരോഗതിയെ ആസൂത്രിതമായി തകർക്കുന്ന രീതിയിലാണ് ഭിന്ന സമൂഹങ്ങളിലെ മതനേതാക്കന്മാരും പുരോഹിതന്മാരും പെരുമാറുന്നത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ശക്തമായ തിരിച്ചുവരവ് നടത്തുന്നത് നാം കാണുന്നു. മതവർഗ്ഗീയതയും അസഹിഷ്ണുതയും കട്ടപിടിക്കുകയാണ്. ജാതീയമായ വേർതിരിവുകൾ, വേഷം മാറിയാണെങ്കിലും, കൂടുക തന്നെയാണ് ഇതിന്നെതിരിലൊന്ന് സംസാരിക്കാനുള്ള 'ധൈര്യം' ഇന്നത്തെ മിക്ക രാഷ്ട്രീയ നേതാക്കന്മാർക്കുമില്ല. മുമ്പ് നമ്മുടെ നാട്ടിൽ സാമൂഹ്യനവോത്ഥാനം രാഷ്ട്രീയപ്രവർത്തനത്തിന്റെ ഭാഗമായിരുന്നു എന്നു കേട്ടാൽ, ഇന്നത്തെ വിദ്യാർത്ഥികൾ വിശ്വസിക്കാൻ വിഷമിക്കും!

'വോട്ടുബാങ്കുകളെ പിണക്കാതിരിക്കുക' എന്ന ഈ നയം സത്യത്തിൽ ജനാധിപത്യവിരുദ്ധമാണ്. ഈ ജാതിക്കോയ്മയ്ക്കും മതവർഗ്ഗീയതയ്ക്കും പാവപ്പെട്ട ജനങ്ങളെ വിട്ടുകൊടുത്താൽ അവർക്കും രാഷ്ട്രീയവും ജനാധിപത്യവും തിരിയാത്ത അവസ്ഥ വരാൻ ഏറെക്കാലം വേണ്ടിവരില്ല.

'അപ്രിയസത്യം' എന്നൊന്നുണ്ട്. അതിന്റെ പേരിൽ സമൂഹത്തെ പേടിക്കുന്ന ഭരണാധികാരി എന്തു ഭരണാധികാരിയാണ്? അനുയായിയെ പേടിക്കുന്ന നേതാവ് എന്തു നേതാവാണ്?

'ജനാഭിപ്രായ'ത്തെ പേടിച്ച് സ്വന്തം അഭിപ്രായം മൂടിവെക്കുന്ന എഴുത്തുകാരൻ എന്ത് എഴുത്തുകാരാനാണ്?

ഇന്ന് 'ജനാഭിപ്രായ'മായി സമൂഹത്തിൽ പുലരുന്നത് യഥാർത്ഥമായ ജനാഭിപ്രായമല്ല; പല താല്പര്യങ്ങൾക്കും വേണ്ടി പാവപ്പെട്ട ജനങ്ങൾ അറിയാതെ അവരിൽ ഉല്പാദിപ്പിച്ച 'ജനാഭിപ്രായ'മാണ്. ഈ ഉല്പന്നത്തിന് എതിർമൊഴികളെ പൊറുക്കാനാവില്ല. പുരോഗമനസ്വഭാവവും യഥാർത്ഥമായ ജനകീയതാല്പര്യങ്ങളും ഉൾക്കൊള്ളുന്ന അത്തരം മൊഴികൾക്ക് മറുപടി പറയാൻ 'അഭിപ്രായം ഉല്പാദിപ്പിക്കുന്നവർക്ക്' ആവില്ലല്ലോ.

സഹാനുഭൂതി, വിവേകം, ആലോചന, ജീവിതാനുഭവങ്ങൾ, അറിവ് തുടങ്ങിയവയിലൂടെ സ്വാഭാവികമായി ഉരുവം കൊള്ളുന്നതാണ് സത്യമായ ജനാഭിപ്രായം. ദേശീയ സമരകാലത്തെ സ്വാതന്ത്ര്യദാഹം ഉദാഹരണം അസഹിഷ്ണുത, വികാരം, ആലോചനക്കുറവ്, ഗ്രന്ഥത്തിലെ ഉദ്ധരണികൾ, അജ്ഞത തുടങ്ങിയവ ഉപകരണമാക്കി പുരോഹിതന്മാരും രാഷ്ട്രീയക്കാരും കൃത്രിമമായി ഉല്പാദിക്കുന്നതാണ് ഇന്ന് കാണുന്ന മട്ടിലുള്ള 'ജനാഭിപ്രായം'. ഇപ്പോൾ ഇന്ത്യയിലെ ഏറ്റവും വലിയ ജനകീയ പ്രശ്നം ഒരു പള്ളിയോ അമ്പലമോ ആണ് എന്ന് വലിയൊരു വിഭാഗം ജനങ്ങളെ വിശ്വസിപ്പിക്കാൻ കഴിഞ്ഞത് ഉദാഹരണം.

ഇപ്പറഞ്ഞ മട്ടിൽ ഉല്പാദിപ്പിക്കപ്പെടുന്ന 'ജനാഭിപ്രായ'മാണ് ജനാധിപത്യത്തിന്റെ പേരിൽ വിപരീതത്തിന്റെ വായ പൊത്തിപ്പിടിച്ച് ജനാധിപത്യവിരുദ്ധമായി തീർന്നുകൊണ്ടിരിക്കുന്നത്—ജനങ്ങളെ ജനങ്ങൾക്കെതിരായി ഉപയോഗിക്കുവാൻ സാധിക്കും!

ജനങ്ങൾക്ക് പ്രിയമായത് പറയുകയല്ല; പത്ഥ്യമായത് പറയുകയാണ് പറയുന്നവന് വേണ്ടത്. അതുകൊണ്ടു വന്നുകൂടുന്ന കല്ലേറുകൂടി താങ്ങാൻ കെല്പ് കിട്ടുംവിധം ജനങ്ങളെ വാസ്തവമായി സ്നേഹിക്കുന്നവർക്കേ അത് സാധിക്കൂ.

അത്തരക്കാർ കുറവാണ് എന്ന് സംസ്കൃതഭാഷയിൽ ഒരു ചൊല്ലുണ്ട്: 'അപ്രിയവും പത്ഥ്യവുമായ വാക്ക് പറയാനും കേൾക്കാനും ആള് കുറയും.'

ഈ ചൊല്ലിനെ ഒരു പതിർമൊഴിയാക്കാനുള്ള ആത്മാർത്ഥമായ പരിശ്രമം കൊണ്ടേ നമ്മുടെ ജനാധിപത്യത്തിനു പ്രാണവായു കിട്ടുകയുള്ളൂ.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014